എച്ച് 2/4455/2018/മെ.വി.കാ. തീയതി: 12/06/2019

## പരിപത്രം

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് -ജീവനക്കാര്യം- മെഡിക്കൽ സോഷ്യൽ വർക്കർ തസ്തികയിലെ ഒഴിവുകൾ തസ്തികമാററം മുഖേന നികത്തുന്നതിനായി യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:
1. 07.10.1995 ലെ സ.ഉ.(സാധാ) 3777/95/ആ.കു.വാ നമ്പർ സർക്കാർ ഉത്തരവ്.
2. 07.10.2016 ലെ സ.ഉ.(കൈ) 191/2015/ഹെൽത്ത് നമ്പർ സർക്കാർ ഉത്തരവ്.
3. 10.01.2019 ലെ സ.ഉ.(കൈ) നം.3/2019/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്.
4. ഈ കാര്യാലയത്തിൽ നിന്നുള്ള 30.03.2019 തീയതിയിലെ ഇതേ നമ്പർ പരിപത്രം.
5. 20.03.2019 ലെ സ.ഉ.(കൈ) നം.49/2019/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ സൃഷ്ടിച്ചിരിക്കുന്ന 26500-56700 ശമ്പള സ്കെയിലുള്ള "മെഡിക്കൽ സോഷ്യൽ വർക്കർ" തസ്തികയിലെ രണ്ട് ഒഴിവുകൾ തസ്തിക മാററം മുഖേന നികത്തുന്നതിനായി സൂചന (3) സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും സൂചന (4) പരിപത്രം അനുസരിച്ച് അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ സോഷ്യൽ വർക്കർ തസ്തികയുടെ യോഗ്യതയും നിയമന രീതിയും പുതുക്കി നിശ്ചയിച്ചുകൊണ്ട് സൂചന (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ആയതിനാൽ മെഡിക്കൽ സോഷ്യൽ വർക്കർ തസ്തികയിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ച് കൊണ്ട് സൂചന (4) പ്രകാരം പുറപ്പെടുവിച്ച 30.03.2019 ലെ പരിപത്രം റദ്ദ് ചെയ്ത് കൊണ്ടും, അതോടൊപ്പം സൂചന (5) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ചുവടെ പറയുന്ന നിർദ്ദിഷ്ട യോഗ്യതയുള്ളതും, മെഡിക്കൽ സോഷ്യൽ വർക്കർ തസ്തികയുടേതിനു തത്തുല്യമായതോ അതിനു താഴെ ശമ്പള സ്കെയിൽ ഉള്ളതോ ആയ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് കൊണ്ടും പുതിയ പരിപത്രം പുറപ്പെടുവിക്കുന്നു. സൂചന(4) പരിപത്രം പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നവർ വീണ്ടും അപേക്ഷിക്കേണ്ടതാണ്.

**യോഗ്യത:**

എം.എസ്.ഡബ്ല്യൂ അല്ലെങ്കിൽ യു.ജി.സി. അംഗീകൃത യൂണിവേഴ്സിററി/കേരള സർക്കാർ അംഗീകൃത സ്ഥാപനം/ഇന്ത്യ ഗവണ്മെന്റ് അംഗീകൃത ദേശീയ സ്ഥാപനം എന്നിവയിലേതിലെങ്കിലും നിന്നുള്ള സൈക്കോളജിയിൽ എം.എ/എം.എസ്.സി.

അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ തന്നെ ആയിരിക്കേണ്ടതും അപേക്ഷകർ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അവരുടെ സേവന പുസ്തകവുമായി ഒത്തു നോക്കി ശരിയാണെന്ന് സ്ഥാപന മേധാവികൾ ഉറപ്പു വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷയോടൊപ്പം യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കററുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷകൾ 12.07.19 നോ അതിനു മുമ്പോ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് സമർപ്പിക്കേണ്ടതും, സ്ഥാപനമേധാവി 18.07.19 നു മുമ്പായി അപേക്ഷകൾ പരിശോധിച്ച് പ്രിൻസിപ്പാളിനു സമർപ്പിക്കേണ്ടതും പ്രിൻസിപ്പാൾമാർ

അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമാണെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തി 29.07.2019. നോ അതിനു മുമ്പോ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്.

വൈകി ലഭിക്കുന്നതും അപൂർണ്ണങ്ങളുമായ അപേക്ഷകളും നേരിട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കുന്ന അപേക്ഷകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ പരിപത്രത്തിന്റെ പകർപ്പ് സമയബന്ധിതമായി എല്ലാ ജീവനക്കാരുടേയും അറിവിലേക്കായി നൽകേണ്ടതാണ്.

ഒപ്പ്
ഡോ.റംല ബീവി എ.
ഡയറക്ടർ

പകർപ്പ്:
1. പ്രിൻസിപ്പാൾ, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം/ കൊല്ലം/ ആലപ്പുഴ/ കോട്ടയം/ തൃശൂർ/ ഇടുക്കി/ കോന്നി/ മഞ്ചേരി/ കോഴിക്കോട്/എറണാകുളം.
2. പ്രിൻസിപ്പാൾ, ഗവ. നഴ്സിങ് കോളേജ്, തിരുവനന്തപുരം/ ആലപ്പുഴ/ കോട്ടയം/ തൃശൂർ/ കോഴിക്കോട്/എറണാകുളം.
3. പ്രിൻസിപ്പാൾ, ഗവ. ദന്തൽ കോളേജ്, തിരുവനന്തപുരം/ ആലപ്പുഴ/ കോട്ടയം/ തൃശൂർ/ കോഴിക്കോട്.
4. സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം/ ആലപ്പുഴ/ കോട്ടയം/ തൃശൂർ/കോഴിക്കോട്
5. സൂപ്രണ്ട്, എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം/ ഐ.സി.എച്ച് കോട്ടയം/ എം.സി.സി.എച്ച് തൃശൂർ/ ഐ.എം.സി.സി.എച്ച് കോഴിക്കൊട്/ ഐ.സി.ഡി കോഴിക്കോട്/ കണ്ണാശുപത്രി, തിരുവനന്തപുരം
6. അഡ്മിനിസ്ട്രേററീവ് ഓഫീസർ, ആർ.എച്ച്.സി. വക്കം, തിരുവനന്തപുരം/ എം.സി.എച്ച് പാങ്ങപ്പാറ/ ആർ.എച്ച്.സി. ചെട്ടിക്കാട്, ആലപ്പുഴ/ എം.സി.എച്ച് യൂണിററ്, അമ്പലപ്പുഴ/ കെ.എം.സി.എച്ച്.സി. ഏററുമാനൂർ, കോട്ടയം/പി.എച്ച്.സി. തോളൂർ, തൃശൂർ/ എം.സി.എച്ച് യൂണിററ് ചെറുപ്പ, കോഴിക്കോട്.
7. ഈ ഓഫീസിലെ എല്ലാ സെക്ഷനുകളിലും.
8. വെബ്സൈററ്/ നോട്ടീസ് ബോർഡ്/ ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ മെഡിക്കൽ സോഷ്യൽ വർക്കർ തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ 20.03.2019 ലെ സ.ഉ.(കൈ) നം.49/2019/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തസ്തിക മാററം മുഖേന നികത്തുന്നതിനുള്ള അപേക്ഷ.

എച്ച് 2/4455/18/മെ.വി.കാ

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | അപേക്ഷകന്റെ തസ്തിക | |
| 3. | ജോലി ചെയ്യുന്ന സ്ഥാപനം | |
| 4. | ജനനത്തീയതി | |
| 5. | യോഗ്യത, വിദ്യാഭ്യാസം | |
| 6. | ശമ്പളം, ശമ്പള നിരക്ക് | |
| 7. | സർക്കാർ സേവനത്തിൽ പ്രവേശിച്ച തീയതിയും തസ്തികയും | |
| 8. | ഇപ്പോൾ സേവനം അനുഷ്ഠിക്കുന്ന തസ്തികയിൽ പ്രവേശിച്ച തീയതി | |
| 9. | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിച്ച തീയതി | |
| 10. | യോഗ്യമല്ലാത്ത കാലം | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ശ്രദ്ധയിലും പെട്ടിടത്തോളം സത്യവും ശരിയുമാണെന്ന് ...................................... ആയ ഞാൻ പ്രസ്താവിക്കുന്നു. മേൽപ്പറഞ്ഞ വിവരങ്ങൾ തെററാണെന്ന് തെളിയിക്കുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

ഒപ്പ് :
പേരും തസ്തികയും :
സ്ഥാപനം :

സ്ഥലം :

തീയതി :

അപേക്ഷയിലെ ക്രമ നം 1 മുതൽ 10 വരെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ടിയാളുടെ സേവന പുസ്തകവുമായി ഒത്തു നോക്കിയതിൽ നിന്നും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :
മേലധികാരിയുടെ തസ്തിക:

സ്ഥലം :

തീയതി:

ഓഫീസ് മുദ്ര

സ്ഥലം :

തീയതി:

പ്രിൻസിപ്പാൾ

ഓഫീസ് മുദ്ര